

# ആയുർവേദത്തിലെ ബോധം

ഡോ. എം. പ്രസാദ്

**രോഗാരോഗ്യങ്ങൾ ആണ് വൈദ്യത്തിലെ അടിസ്ഥാന വിഷയം. ആയുർവേദം ബോധത്തെ അന്വേഷിക്കുന്നത് ഈ അർത്ഥത്തിലാണ്**

ഭാരതീയ വൈദ്യശാസ്ത്രമായ ആയുർവേദത്തിൽ ബോധത്തേയും അതിന്റെ സാക്ഷാത്ക്കാരത്തേയും സംബന്ധിച്ചുള്ള ധാരാളം പരാമർശങ്ങൾ കണ്ടെത്താം. ഈ വിഷയത്തിൽ സാംഖ്യം, വൈശേഷികം, തുടങ്ങിയ ദർശനങ്ങളോട് വൈദ്യം കടപ്പെട്ടിരിക്കുന്നു. രോഗാരോഗ്യങ്ങളാണ് വൈദ്യത്തിലെ അടിസ്ഥാനവിഷയം. രോഗത്തിനായാലും ആരോഗ്യത്തിനായാലും രണ്ടാണ് ഇരിപ്പിടം. ശരീരവും മനസ്സും ശാരീരികാരോഗ്യവും മാനസികാരോഗ്യവും എന്നപോലെ ശാരീരികരോഗവും മാനോരോഗവും. ശരീരം, ഇന്ദ്രിയങ്ങൾ, മനസ്സ്, ആത്മാവ് എന്നീ നാലു ഘടകങ്ങളുടെ ചേർച്ചയെയാണ് വൈദ്യം ജീവിതം എന്ന് പരിഗണിക്കുന്നത്. ശരീരത്തിൽ നിന്ന് ഉപരിയായി ഇന്ദ്രിയം പരിഗണിക്കപ്പെടുന്നത് പ്രത്യേകം ശ്രദ്ധേയമാണ്. ഇന്ദ്രിയങ്ങൾ എന്നതുകൊണ്ട് അഞ്ച് ജ്ഞാനേന്ദ്രിയങ്ങളാണ് ഉദ്ദേശിച്ചിട്ടുള്ളത്. ജീവിതത്തിന്റെ നിർവ്വചനത്തിൽ തന്നെ പ്രത്യേകം ഉൾപ്പെടുത്തക്കവിധം പ്രാധാന്യം അവയ്ക്കുണ്ട്. അറിവ് ആർജ്ജിക്കുന്നതിനുള്ള ഉപകരണങ്ങളാണിവ. നേരത്തെ സൂചിപിച്ച് ഈ നാല് ഘടകങ്ങളുടെ വേണ്ട തരത്തിലുള്ള ചേർച്ചയാണ് ബോധത്തിനാധാരം. ആത്മാവാണ് അറിവിന്റെ കേന്ദ്രസ്ഥാനം. ആയുർവേദത്തിൽ ആത്മാവ് എന്ന പ്രയോഗത്തിന് 'ഞാൻ എന്ന അറിവിന് ആശ്രയമായി ശരീരത്തിലുള്ള ചേതന എന്നാണ് താൽപര്യം. ഇന്ദ്രിയങ്ങളുടെ സാന്നിധ്യവും പ്രവർത്തിയും ആത്മാവും ശരീരവും തമ്മിലുള്ള കണ്ണിചേരലിനു തെളിവാണ് ഇന്ദ്രിയങ്ങളിലൂടെയുള്ള അറിവ് നേടൽ എങ്ങിനെയെന്ന് വൈദ്യത്തിൽ വിവരിച്ചിട്ടുള്ളത് ശ്രദ്ധേയമാണ്. ഇന്ദ്രിയാർത്ഥവും (Object) ഇന്ദ്രിയവും തമ്മിൽ, ഇന്ദ്രിയവും മനസ്സും തമ്മിൽ, തുടർന്ന് മനസ്സും ആത്മാവും തമ്മിൽ എന്ന നിലയിൽ ബന്ധം സ്ഥാപിക്കപ്പെടുകയും ആത്മാവിൽ അറിവിന്റെ പ്രത്യക്ഷം ഉണ്ടാകുകയും ചെയ്യും. ബുദ്ധി എന്ന ഗുണം ആത്മാവിന്റേതാണ്. ബുദ്ധിയാണ് അറിവിനെ ബോധമാക്കി പരിണമിപ്പിക്കുന്നത്. മനസ്സ് ആത്മാവിന്റെ ഉപകരണമാണ്. ബുദ്ധി കൊണ്ടുള്ള വ്യാപാരങ്ങൾ, ബോധമുൾപ്പെടെ, ആത്മാവ് നിർവ്വഹിക്കുന്നത് മനസ്സുപയോഗിച്ചാണ്. അതുകൊണ്ട് ജ്ഞാനപ്രത്യക്ഷം, ബോധവും, മനസിലാണ് ഉണ്ടുകുന്നതെന്ന തോന്നൽ ഉണ്ടാകുന്നത്. ഇന്ദ്രിയങ്ങൾ പ്രവർത്തിക്കുന്നവിധം വിവരിക്കുന്ന സന്ദർഭത്തിൽ ചരകസംഹിത എന്ന ഗ്രന്ഥത്തിൽ ഇന്ദ്രിയാർത്ഥം, ഇന്ദ്രിയം, ഇന്ദ്രിയദ്രവ്യം, ഇന്ദ്രിയാധിഷ്ഠാനം, ഇന്ദ്രിയബുദ്ധി എന്നീ അഞ്ചു കാര്യങ്ങളെക്കുറിച്ച് വിവരിക്കുന്നത് സവിശേഷ ശ്രദ്ധയർഹിക്കുന്നു. ധി (ബുദ്ധി), ധൃതി (ധാരണാശക്തി), സ്മൃതി (ഓർമ്മ) എന്ന മൂന്ന് വിഭാഗങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ട് ബോധത്തിന്റെ വൈയക്തികവും സാമൂഹികവും ആയ തലങ്ങളെ ചർച്ച ചെയ്യുകയും അവയെ രോഗാരോഗ്യങ്ങളുമായി ബന്ധപ്പെടുത്തി വിവരിക്കുകയും ചെയ്യുന്നുണ്ട്.

മനസ്സാണ് ആത്മാവിലേക്ക് സംജ്ഞകളെയും ആത്മാവിൽ നിന്ന് കർമ്മേന്ദ്രിയങ്ങൾക്കുള്ള പ്രവർത്ത നിർദ്ദേശങ്ങളെയും കൊണ്ട് പോകുന്നത്. മനസ്സിന് ആയുർവേദത്തിൽ ബൗദ്ധികമായ ഒരു തലം സങ്കൽപ്പിച്ചിരിക്കുന്നു. ആഹാരം കൊണ്ടും ഔഷധം കൊണ്ടും മനസ്സിനെ സ്വാധീനിക്കാൻ കഴിയുന്നത് ഇത്തരം ഒരു തലമുള്ളതുകൊണ്ടാണ്. കൂടാതെ സത്വം, രജസ്, തമസ് എന്നിങ്ങനെയുള്ള മനോഗുണങ്ങൾ മനസ്സിന്റെ സ്വഭാവമനുസരിച്ച് വ്യക്തികളെ തരം തിരിക്കുന്ന രീതി, ദോഷപ്രകൃതി തുടങ്ങിയ കാര്യങ്ങളെ കുറിച്ചുള്ള ചർച്ചകളും ബോധത്തെ സംബന്ധിച്ച പഠനത്തിൽ പ്രയോജനകരമാകേണ്ടതാണ്. ●

'സുനേത്രി' ഫൗണ്ടേഷൻ, കുരിയച്ചിറ,
തൃശ്ശൂർ- 6. sunethriayruveda@gmail.com

കേരളീയം പുസ്തകശാല

കേരളീയം പ്രസ്സ് പുസ്തകങ്ങൾ

**• ജാഗ്രതയുടെ കാവൽമാടം-കേരളീയം കാലങ്ങളിലൂടെ**

കഴിഞ്ഞ 100 ലക്കങ്ങളിലെ ഏറ്റവും ശ്രദ്ധേയമായവ
വൈവിധ്യത്തോടെ സമാഹരിക്കുന്നു

**എഡിറ്റർ : കെ.ആർ. ഇന്ദിര**

**• പോസ്റ്റ് മാർക്സിസം**

**എഡിറ്റർ : ദിലീപ്‌രാജ്**

**• പ്ലാച്ചിമട: അനുഭവങ്ങൾ, പാളിച്ചകൾ**

**എഡിറ്റർ : ടി.ടി. ശ്രീകുമാർ**

'കേരളീയം', കൊക്കാലെ, തൃശൂർ-21